

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ആഗസ്റ്റ് 1, 2011

ഈശോ

പ്രിയപ്പെട്ട അപ്പസ്തോലരെ, നിങ്ങൾ എന്റെ സ്നേഹഭാജനങ്ങളാണ്. അതുകൊണ്ടുതന്നെ വിശുദ്ധിയിലേയ്ക്ക് നിങ്ങളെ ഞാൻ നയിക്കുമ്പോൾ എന്നോട് ക്ഷമാപൂർവ്വം വർത്തിക്കുവിൻ. വിശുദ്ധിയിലായിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഒരു പക്ഷേ എന്റെ പ്രബോധനങ്ങൾ വളരെ നല്ലതാണെന്ന് നിങ്ങൾ തിരിച്ചറിയുന്നുണ്ടാവും. എന്നാൽ ചില ദിവസങ്ങളിൽ നിങ്ങൾക്ക് വീഴ്ച സംഭവിക്കുന്നതിനാൽ നിങ്ങൾ നിരുത്സാഹരാകാം. അപ്പോഴാണ് നിങ്ങൾ ശരിക്കും ക്ഷമയോടെ വർത്തിക്കുകയും ഞാൻ നിങ്ങളുടെ അരികിലേയ്ക്ക് ഓടി എത്തുന്നുണ്ടെന്നു വിശ്വസിക്കുകയും ചെയ്യേണ്ടത്. ചില ദിവസങ്ങളിൽ വളരെക്കുറച്ച് പുരോഗതിയെ കാണുകയുള്ളുവെന്ന് ഓർക്കണം. വിശുദ്ധരാകുവാനുള്ള പ്രക്രിയയിൽ എന്നോടൊത്ത് ആയിരിക്കുവാനുള്ള നിങ്ങളുടെ തീരുമാനം സ്വർഗ്ഗത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്തി, എവിടെയാണോ പ്രകാശം സ്ഥാപിതമാകേണ്ടത്, അതായത്, മറ്റുള്ളവരുടെ കുറവുകളെ പരിശോധിക്കാതെ, നിങ്ങളുടെ പരാജയങ്ങൾ കാണുവാൻ സാധിക്കണം. മറ്റുള്ളവരുടെ തെറ്റുകൾ കാണുവാൻ എത്ര എളുപ്പമാണ്. നിങ്ങളിലുള്ള ഏതു കുറവുകൊണ്ടാണ് നിങ്ങൾ തെറ്റുകൾ ആവർത്തിക്കുന്നതെന്ന് തിരിച്ചറിയാൻ എത്രയോ അധികം പ്രയാസമാണ്. അതെ, ക്ഷമ ആവശ്യമാണ്. തന്നോടുതന്നെയും മറ്റുള്ളവരോടും. യേശുവായ ഞാൻ, നിങ്ങളോട് ക്ഷമയുള്ളവനാണ്. അതുകൊണ്ടുതന്നെ നിങ്ങളും നിങ്ങളോടുതന്നെ ക്ഷമയുള്ളവരാകണം. അങ്ങനെ മറ്റുള്ളവരോട് ക്ഷമാപൂർവ്വം വർത്തിക്കുവാൻ നിങ്ങൾക്ക് സാധിക്കും. നിങ്ങളുടെ ചുറ്റുമുണ്ടാകുന്ന സംഭവങ്ങളോർത്ത് അസ്വസ്ഥരാകരുത്. അപ്രതീക്ഷിത സംഭവങ്ങൾ വിശുദ്ധീകരണപ്രക്രിയയിൽ നിന്ന് നിങ്ങൾ ഒഴിവായിപോകുവാൻ മതിയായ കാരണമാണെന്ന് ചിന്തിക്കുവാൻ ഒരിക്കലും നിങ്ങൾ ഇടകൊടുക്കരുത്. ഒരിക്കലുമല്ല, പ്രിയപ്പെട്ട അപ്പസ്തോലരെ, വിശുദ്ധിയിൽ വ്യാപരിക്കുന്നതും, വിശുദ്ധിയോടുള്ള നിങ്ങളുടെ പ്രതിബദ്ധതയും മറ്റുള്ളവർക്ക് ആശ്വാസം കൊടുക്കുവാനുള്ള എന്റെ പദ്ധതിയുടെ ഒരു നിർണ്ണായകമായ ഭാഗമാണെന്ന് പറയുമ്പോൾ വളരെ ഗൗരവമായിട്ടാണ് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. ലോകത്തെ ദർശിക്കുവാൻ എന്നെ അനുവദിക്കുക. നിങ്ങളുടെ ആത്മാവിന്റെ അവസ്ഥ ദിവസംതോറും നിങ്ങൾ കാണുകയും മറ്റുള്ളവരെ സ്നേഹിക്കുകയും ചെയ്താൽ നിങ്ങളെപ്പറ്റിയുള്ള എന്റെ പദ്ധതി നിങ്ങൾ പൂർത്തീകരിച്ചിരിക്കും. ആഹ്ലാദിക്കുക, നിങ്ങൾ എന്നോട് പ്രതിബദ്ധത കാണിച്ചു, ഞാനും നിങ്ങളോട് നിത്യമായി പ്രതിജ്ഞാബദ്ധനായി.

**നമ്മുടെ കാലത്തിനുള്ള മാർഗദർശനം**

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com